TUESDAY 29/10/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/10/2024

1. ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കാർഷിക വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുക എന്നതാണ് ജൈവകാർഷിക മിഷൻ ലക്ഷ്യമിടുന്നത്. കർഷകർക്ക് അവർക്ക് അനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് ഉദേശിക്കുന്നത്.

2. ഐ സി എ ആർ ഉം കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രം ശ്രീകാര്യവും സംയുക്തമായി നവംബർ മാസം 18 മുതൽ 22 വരെ Tuberous vegetables based Nutri garden by Organic and Urban farming എന്ന വിഷയത്തിൽ CTCRI ശ്രീകാര്യത്ത് വച്ച് പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 5000 രൂപ. ആദ്യ അപേക്ഷിക്കുന്ന 20 പേർക്ക് ആയിരിക്കും പ്രവേശനം അവസാന തീയതി നവംബർ 12. കൂടുതൽ വിവരങ്ങൾക്ക് 0471 2598551 എക്സ്ടെൻഷൻ 111 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കുട്ടനാടൻ താറാവുകളുടെ മെച്ചപ്പെട്ട ഇനമായ **ചൈത്ര താറാവുകളുടെ** വില്പനയ്ക്കായുള്ള ബുക്കിംഗ് ആരംഭിച്ചു ബുക്കിങ്ങിനായി എന്ന 9400483754 നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ബന്ധപ്പെടാവുന്നതാണ്.

4. കേരസുരക്ഷ നവംബർ 15 വരെ നാളികേരള വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ**

**15** വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

5. നിയന്ത്രിത കമിഴ്ത്തിവെട്ടിന്റെ ശാസ്ത്രീയവശങ്ങളെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. റബ്ബറിൽനിന്ന് ദീർഘകാലത്തേക്ക് മെച്ചപ്പെട്ട ഉത്പാദനം ലഭ്യമാക്കുന്നതിനും പട്ടമരപ്പ്, മറ്റു രോഗങ്ങൾ എന്നിവമൂലം പുതുപ്പട്ടയിൽ ടാപ്പിങ് സാധ്യമാകാതെ വരുന്ന മരങ്ങളിൽനിന്ന് ആദായം നേടുന്നതിനും സഹായിക്കുന്ന ഒരു വിളവെടുപ്പുരീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് 2024 ഒക്ടോബർ 30ാം തീയതി ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ അനിത എസ്. ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 2576622.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ സെന്റർ ഫോർ ഈ ലേണിങ്ങിൽ post harvest management and marketing of fruits and vegetables എന്ന വിഷയത്തിൽ ആറുമാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് നവംബർ 12 ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി WWW.CELKAU.IN എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 8547 8372 6, 0487 2438567 എന്നീ ഫോൺ നമ്പറുകളിലോ celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി നവംബർ 11 .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'കൃഷി അനുബന്ധ മേഖലകളിലെ പദ്ധതി രൂപരേഖ തയ്യാറാക്കൽ '(Detailed project report preparation on Agriculture and allied subjects) എന്ന വിഷയത്തിൽ ഇന്ന് (2024 ഒക്ടോബർ 29) ഏകദിന പരിശീലന പരിപാടി നടത്തുന്നു താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽരജിസ്റ്റർചെയ്യേണ്ടതാണ്.

8. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഇന്നും നാളെയുമായി (ഒക്ടോബർ 29, 30) പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9388834424, 9446453247** എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം